# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4017**

**21-10-2016 ൽ മറുപടിയ്ക്ക്**

### ഉറമുഖങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;<br><br>(ബി) തുറമുഖങ്ങളുടെ വികസനത്തിനും, നവീകരണത്തിനുമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണുദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും<br>വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിലേക്കായി 2000 കുതിരശക്തിയുള്ള 2 ടഗ്ഗുകൾ വാങ്ങുന്നതിനായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. അഴീക്കൽ , ബേപ്പൂർ തുറമുഖങ്ങളിൽ വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അഴീക്കൽ തുറമുഖത്തേക്ക് വാങ്ങിയ ഡ്രഡ്ജർ ഉപയോഗപ്പെടുത്തി ഡ്രഡ്ജിംഗ് ചെയ്ത് തുറമുഖ ചാനലുകളിലെ ആഴം വർദ്ധിപ്പിക്കുന്നതിനായി 1500 മീറ്റർ നീളമുള്ള എച്ച്.ഡി.പി.ഇ പൈപ്പ് ലൈനുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.<br>കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്ത് ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ |

ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്, 46 കോടി മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 736 കോടിരൂപ ചിലവിൽ പൊന്നാനിയിൽ തുറമുഖ വികസനം നടത്താൻ ഉദ്ദേശിക്കുന്നു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇതിനുള്ള പണലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

(സി) ഈ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി, നാട്ടകം എന്നീ തുറമുഖങ്ങൾ പി.പി.പി മോഡലിൽ വികസിപ്പിക്കുന്നു. നബാഡിന്റെ ആർ. ഐ. ഡി.എഫ് സ്കീം, കേരളാ ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോഡിന്റെ ധനസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രപ്പോസലുകളും നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തുറമുഖ വികസന പദ്ധതിയായ സാഗർമാല / ഭാരത് മാലാ എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട് .

**സെക്ഷൻ ഓഫീസർ**